പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 6034

02/11/2011 ൽ മറുപടി
നല്കേണ്ടിയിരുന്നത്

## മൂന്നാർ ട്രൈബ്യൂണൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ തങ്കമണി വില്ലേജിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ കാൽവരിമൗണ്ട് ഭാഗത്ത് ഇല്ലിക്കൽ വീട്ടിൽ ശ്രീ. കുര്യൻ ജോസഫിന് തങ്കമണി വില്ലേജിൽ ബ്ലോക്ക് 40-ൽ സർവ്വേ നമ്പർ 567/3, 567/4-ൽ എത്ര ഹെക്ടർ പട്ടയവസ്തു ഉണ്ടെന്ന് അറിയിക്കുമോ; | (എ) ശ്രീ. കുര്യൻ ജോസഫ്, ഇല്ലിക്കൽ വീട്, കാൽവരി മൗണ്ട് പി.ഒ., തങ്കമണി വില്ലേജ് എന്ന വ്യക്തിയ്ക്ക് തങ്കമണി വില്ലേജിൽ ബ്ലോക്ക് നം. 40ൽ 567/3, 567/4 എന്നീ സർവ്വെ നമ്പരുകളിലായി 0.51.80 ഹെക്ടർ സ്ഥലത്തിന് 18/10/2000ൽ പട്ടയം നല്കിയിട്ടുള്ളതായി ഇടുക്കി ഭൂമി പതിവ് സ്പെഷ്യൽ ഓഫീസിലെ നം. II രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. |
| (ബി) പ്രസ്തുത വ്യക്തിക്ക് എന്നാണ് പട്ടയം നല്കിയത്; പട്ടയം നൽകുന്നതിന് ആധാരമായ എൽ.എ. (എൽ.എ.1157/00) ഫയൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ; | (ബി) ശ്രീ. കുര്യൻ ജോസഫിന് എൽ.എ.-1157/2000 നമ്പരായി 18/10/2000ലാണ് പട്ടയം നല്കിയത്. പ്രസ്തുത പട്ടയ ഫയൽ പട്ടയം നല്കിയശേഷം ഉടുമ്പൻചോല താലൂക്കാഫീസിലേക്ക് കൈമാറുകയാണ് ചെയ്യേണ്ടത്. എന്നാൽ ഉടുമ്പൻചോല താലൂക്കാഫീസിലും ഇടുക്കി ഭൂമി പതിവ് ഓഫീസിലും വിശദമായ പരിശോധന നടത്തിയെങ്കിലും ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (സി) പ്രസ്തുതയാൾക്ക് ലഭിച്ച പട്ടയം സീൽ ചെയ്ത് വാങ്ങുന്നതിന് ബന്ധപ്പെട്ട എൽ.എ. ഓഫീസിൽ എന്നാണ് ഹാജരാക്കിയത്; ആയത് സീൽ ചെയ്ത് നൽകിയോ;<br><br>(ഡി) ഇല്ല എങ്കിൽ പട്ടയം ബന്ധപ്പെട്ട എൽ.എ. ഓഫീസിൽ നിന്ന് സീൽ ചെയ്തു നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും പട്ടയത്തിൽ ഉപാധിരഹിത സീൽ പതിപ്പിക്കുന്നതിനായി 29/09/2011 ലാണ് അപേക്ഷ സമർപ്പിച്ചത്. 22/11/2011ൽ സീൽ പതിപ്പിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ